**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5683** **08-11-2021 - ൽ മറുപടിയ്ക്ക്**

**ഷൊർണ്ണൂർ മണ്ഡലത്തിൽ കിഫ്‌ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഷൊർണ്ണൂർ മണ്ഡലത്തിൽ കിഫ്‌ബി മുഖേന നടപ്പിലാക്കുന്ന ചെറുപ്പുളശ്ശേരി ടൗൺ- നഗരവികസനം, ബൈപ്പാസ് നിർമ്മാണം എന്നീ പദ്ധതികളുടെ വിശദവിവരം നൽകാമോ; ഈ പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (എ) | ഷൊർണ്ണൂർ മണ്ഡലത്തിലെ കിഫ്‌ബി മുഖേന നടപ്പിലാക്കുന്ന ചെർപ്പുളശ്ശേരി ടൌൺ വികസനം, ബൈപാസ് നിർമ്മാണം എന്നീ പദ്ധതികളുടെ വിശദ പദ്ധതി റിപ്പോർട്ട് പദ്ധതി നിർവഹണ ഏജൻസിയായ (SPV) കേരള റോഡ്ഫണ്ട് ബോർഡ് തയ്യാറാക്കി വരുന്നു. പ്രസ്തുത പദ്ധതി റിപ്പോർട്ട് കിഫ്‌ബിയിൽ ലഭ്യമായാൽ ഉടൻ തന്നെ അത് അവലോകനം നടത്തി ന്യൂനതകൾ ഉള്ള പക്ഷം അത് SPV മുഖേന പരിഹരിച്ച് ധനാനുമതി നൽകിയതിന് ശേഷം പദ്ധതി കരാർ നൽകി സമയബന്ധിതമായി നടപ്പിലാക്കാനുള്ള നടപടികൾ പദ്ധതി നിർവഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് കൈകൊള്ളുന്നതാണ്. |
| (ബി) | ഷൊർണ്ണൂർ മണ്ഡലത്തിൽ കിഫ്‌ബി മുഖേന നടപ്പിലാക്കുന്ന ശ്രീകൃഷ്ണപുരം - മുറിയൻതണ്ണി റോഡ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്നും ഇത് എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ? | (ബി) | ശ്രീകൃഷ്ണപുരം-മുറിയൻ തണ്ണി റോഡിനു കിഫ്‌ബി ധനാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുതപദ്ധതിയുടെ CH : 0 /000 മുതൽ CH : 7 /700വരെയുള്ള ഭാഗത്തിന് സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ടി സ്ട്രെച്ച് കരാർ നൽകി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പദ്ധതി നിർവഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് ഉടൻ തന്നെ കൈകൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ